പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3223 21.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.ബസ്സിൽ വച്ച് നഷ്ടപ്പെട്ടു പോകുന്ന സാധനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസിൽ വച്ച് യാത്രക്കാരിൽ നിന്നും നഷ്ടപ്പെട്ടു പോകുന്ന സാധനങ്ങൾ തിരികെ ഉടമസ്ഥരെ ഏൽപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ; | (എ) | ബസിൽ വെച്ച് യാത്രക്കാരിൽ നിന്ന് നഷ്ടപ്പെട്ടു ലഭിക്കുന്ന സാധനങ്ങളിൽ നിന്നുള്ള വിലാസത്തിൽ ഉടമസ്ഥനെ അറിയിക്കുകയും, ഉടമസ്ഥനിൽ നിന്നും ബന്ധപ്പെട്ട യൂണിറ്റ് അധികാരി ലഭിച്ച സാധനത്തിന്റെ മതിപ്പ് വില നിശ്ചയിച്ച്, വിലയുടെ 10%, സൂക്ഷിക്കുന്നതിനുള്ള തുകയായി ഈടാക്കിയശേഷം രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തി സാധനങ്ങൾ തിരികെ ഏൽപ്പിക്കുന്ന സംവിധാനമാണ് തുടർന്നുവരുന്നത്. |
| (ബി) | തിരികെ ഏൽപ്പിക്കാത്ത വസ്തുക്കൾ കെ.എസ്.ആർ.ടി.സി.യിലേക്ക് മുതൽ കൂട്ടാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. യൂണിറ്റ് തലത്തിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾക്കായി ഒരു മാസത്തിനകം ഉടമസ്ഥൻ സമീപിക്കാത്തപക്ഷം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് ലേലം ചെയ്യുന്നതാണ്. എന്നാൽ ഉടമസ്ഥർ ഇല്ലാത്ത സ്വർണ്ണം, വെള്ളി എന്നീ സാധനങ്ങൾ കോർപ്പറേഷന്റെ കേന്ദ്രഓഫീസായ ട്രാൻസ്പോർട്ട് ഭവനിൽ എത്തിക്കുകയും, തീയതി നിശ്ചയിച്ച് പത്രപരസ്യം നൽകി ടി സാധനങ്ങൾ കേന്ദ്ര ഓഫീസിൽ വച്ച് ലേലം ചെയ്യുകയും ചെയ്യുന്നു. ഇതിൽ നിന്നും ലഭിക്കുന്ന തുക കോർപ്പറേഷന്റെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ്. |
| (സി) | ഉടമസ്ഥർ ഇല്ലാതെ ലഭിക്കുന്ന വില കൂടിയ വസ്തുക്കൾ കെ.എസ്.ആർ.ടി.സി.യിൽ ഏൽപ്പിക്കാൻ ജീവനക്കാർക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; | (സി) | ഉടമസ്ഥർ ഇല്ലാതെ നഷ്ടപ്പെട്ട് ലഭിക്കുന്ന സാധനങ്ങൾ ബന്ധപ്പെട്ട യൂണിറ്റിൽ ഏൽപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ കോർപ്പറേഷൻ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ ഏൽപ്പിക്കാത്ത ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**